This is an article published in 'Vanitha Veedu'

# വെളുപ്പിനഴക്

ക്യാമറക്കണ്ണുകളെ കബളിപ്പിക്കുന്ന തൂവെള്ളനിറത്തിൻെറ മാസ്മരികതയാണ് വീടിൻെറ ഏറ്റവും വലിയ പ്രത്യേകത.



# OUR DREAM..

## OUR HOME..



**ഉടമസ്ഥൻ: ഷാജി ജോസഫ്**
**കഞ്ഞിക്കുഴി, കോട്ടയം**
**വിസ്തീർണം: 3325 സ്ക്വയർഫീറ്റ്**

*കുടുംബവീടിനു തൊട്ടടുത്തായാണ് ഞങ്ങൾ പുതിയ വീടു പണിതത്. പുതിയ മോഡലിൽ വ്യത്യസ്തമായ രീതിയിലുള്ള വീടായിരുന്നു ആഗ്രഹം. വെളുത്ത ഇൻറീരിയർ വേണമെന്നും നിർബന്ധമുണ്ടായിരുന്നു. കോട്ടയത്ത് 'സുവർണരേഖ ഡിസൈൻ കൺസൾട്ടൻറ്സ്' നടത്തുന്ന ആർക്കിടെക്ട് നീന കോര ജേക്കബാണ് ഞങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് വീടിനെ യാഥാർഥ്യമാക്കിയത്.*

തടിയുടെ നിറമേ ഇല്ലാത്ത വീടായിരിക്കണമെന്ന് ആദ്യമേ നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണു തേക്കിൻെറ ജനലുകൾക്കും വാതിലിനുമെല്ലാം വെളുത്ത പെയിൻറ് കൊടുത്തത്. വെള്ളയോടൊപ്പം സ്റ്റീലും ചേർന്ന കോംബിനേഷൻ പല ഭാഗത്തും കൊടുത്തിട്ടുണ്ട്. മതിലിൽ പോലും സ്റ്റീൽ കമ്പികൾ പിടിപ്പിച്ചിട്ടുണ്ട്.

വെള്ള ചുവരുകളോടു ചേർന്നു നിൽക്കുന്നു 3X3 അളവിലുള്ള വെളുത്ത സെറാമിക് ടൈലുകൾ. ഗ്ലാസ് കോട്ടിങ്ങോടു കൂടിയ പ്രത്യേക തരം ടൈലുകളാണ് തിരഞ്ഞെടുത്തത്. വൃത്തിയാക്കി വയ്ക്കാൻ അല്പം ബുദ്ധിമുട്ടാണെന്നു സമ്മതിക്കാതെ വയ്യ.

### മോഡേൺ വീടായിരിക്കണം

ചരിച്ചുവാർത്ത വീടിന് കൂടുതൽ പുറംഭംഗി കൊടുക്കാനാണ് ഇരട്ട ഷേഡുള്ള ഏറ്റവും പുതിയ തരം ഓട് തിരഞ്ഞെടുത്തത്. സിറ്റ്ഔട്ടിനും കാർപോർച്ചിനും പ്രത്യേകം പ്രത്യേകം മേൽക്കൂരകളാണ്. പല നിരപ്പിലുള്ള ചരിഞ്ഞ മേൽക്കൂരകളാണു വീടിനു കൊടുത്തിരിക്കുന്നത്. ഇതിൽത്തന്നെ, കാർപോർച്ചിനും ഏറ്റവും മുകളിൽ വാട്ടർടാങ്കിനുമുള്ള മേൽക്കൂരകൾ മാത്രം ഭംഗിക്കായ് ട്രസ്സിട്ടു വാർക്കുകയായിരുന്നു.

*നിങ്ങളുടെ വീട് 'വനിത വീടി'ൽ വന്നു കാണാൻ താല്പര്യമുണ്ടോ? ഒരു ചെറിയ കുറിപ്പും വീടിൻെറ ഫോട്ടോയും സഹിതം കത്ത്/ ഇ-മെയിൽ വഴി ബന്ധപ്പെടുക.*
*എഡിറ്റർ, വനിത വീട്, പി . ബി. നമ്പർ 226, കോട്ടയം-1*
*ഇ-മെയിൽ: vanithaveedu@mmp.in*







ലിവിങ്, ഡൈനിങ് ഏരിയകളിൽ ഫർണിച്ചർ ആവശ്യത്തിനു മാത്രം (മുകളിൽ).



### തുറസ്സായ പ്ലാൻ

സിറ്റ്ഔട്ടിൽ നിന്നു കടക്കുന്നത് വിശാലമായ ഒരു ലോകത്തേക്കാണെന്നു തോന്നും. കാരണം പ്രധാന വാതിലിനപ്പുറമുള്ള ഫോയറിൽ നിന്ന് കയറുന്നത് ലിവിങ് കം ഡൈനിങ് ഏരിയയിലേക്കാണ്. ഇവിടത്തെ പടികൾക്കു തടിയുടെ നിറം തന്നെ കൊടുത്തത് ഒരു വേർതിരിവുണ്ടെന്നു തോന്നിക്കാനാണ്. ഹാളിൻെറ ഇടതുവശത്ത് ലിവിങ്ങും വലതുവശത്ത് ഡൈനിങ്ങുമായാണു ക്രമീകരിച്ചിരിക്കുന്നത്. ഇരുവശത്തേക്കും പുറത്തേക്കു തുറക്കുന്ന നാലുപാളി വാതിലുകൾ ഉയരം കൂടിയ ഫ്രഞ്ച് വിൻഡോകളുടെ ഗുണം കൂടി ചെയ്യുന്നവയാണ്. ഇവയ്ക്ക് കർട്ടനോ ബ്ലൈൻഡോ ഒന്നും വേണ്ടെന്നു തന്നെയാണ് ഞങ്ങളുടെ തീരുമാനം. ഹാളിൻെറ മധ്യത്തിലായി സ്കൈലൈറ്റും കൊടുത്തിരിക്കുന്നതിനാൽ വീടിനകത്ത് വെളിച്ചത്തിൻെറ ഉൽസവം തന്നെയാണെന്നു പറയാം! സ്റ്റെയർകെയ്സിനടിയിൽ ഒരു ചെറിയ കുളവും ഒരുക്കിയിട്ടുണ്ട്. അടിയിലുള്ള വെള്ളത്തിൻെറയും മത്സ്യങ്ങളുടെയും കാഴ്ച മറയ്ക്കാതിരിക്കാൻ ഈ ഭാഗത്ത് ഗ്ലാസ് ഫ്ളോറിങ്ങും ചെയ്തു.

### കുറച്ച് ഫർണിച്ചർ മാത്രം

ഫർണിച്ചറിനു വേണ്ടി അധികം സ്ഥലം കളയരുതെന്നു തന്നെയാണ് ഞങ്ങളെല്ലാവരുടെയും താത്പര്യം. അതുകൊണ്ട്, ലിവിങ് റൂമിൽ 'എൽ' ആകൃതിയിലുള്ള സോഫയാണ് ഫർണിച്ചർ. പൊക്കം കുറഞ്ഞ ടീപോയ് പണിയിപ്പിക്കുകയായിരുന്നെങ്കിലും അതു പ്രതീക്ഷയ്ക്കനുസരിച്ചായില്ല. ചുവരിൽ



മുകളിലെ ഫാമിലി ഏരിയയിൽ മഞ്ഞ നിറത്തിലുള്ള ഭിത്തിയും അപ്ഹോൾസ്റ്ററിയും.

എൽഇഡി സ്ട്രിപ്പ് ലൈറ്റിങ് ചെയ്ത കാബിനറ്റ് (വലത്). മാസ്റ്റർ ബെഡ്റൂമിലെ ബോക്സ് വിൻഡോ (താഴെ).



ഡ്രൈ ഏരിയയിൽ ടൈൽ നീളത്തിൽ മുറിച്ചെടുത്ത് കരിങ്കല്ലിൻെറ പ്രതീതി ഉണ്ടാക്കി. സെമി ഓപ്പൺ ഏരിയയും കാണാം (ഏറ്റവും ഒടുവിൽ).







ധാരാളം നീഷുകൾ കൊടുത്തിട്ടുണ്ട്. ഭംഗിയുള്ള അലങ്കാരവസ്തുക്കൾക്ക് ഇവിടെയാണ് സ്ഥാനം. ടഫൻഡ് ഗ്ലാസിലും ബ്രഷ് ഫിനിഷിലുള്ള സ്റ്റീലിലുമാണ് ഊണുമേശ പണിതിരിക്കുന്നത്.

### അലങ്കാരമായി 'ഷോ കിച്ചൺ'

കിച്ചണിലും വർക്ഏരിയയിലും വെള്ളനിറത്തിനാണ് പ്രാധാന്യം. ഫ്രോസ്റ്റഡ് ഗ്ലാസിൻെറ ഷട്ടറുള്ള അലമാരയിൽ നീല എൽഇഡി ലൈറ്റ് സ്ട്രിപ്പുകൾ മിന്നുന്നതു കാണാൻ രസമാണ്. മൈക്രോവേവിനും അവ്നിനും ഫ്രിഡ്ജിനും കാബിനറ്റുകൾ പണിത് 'ബിൽറ്റ്-ഇൻ' ആയി കിട്ടുന്ന മോഡലുകൾ വിദേശത്തു നിന്നു വാങ്ങുകയായിരുന്നു.

### ബാത്റൂം, ദ് ബെസ്റ്റ്

വെള്ള ഫ്ളോറിങ്ങിൻെറ ധാരാളിത്തം കുറയ്ക്കുന്നത് ബെഡ്റൂമുകളാണ്. ഇവിടെ എല്ലാം തടിയുടെ ഫ്ളോറിങ്ങാണ് ചെയ്തിരിക്കുന്നത്. മകന്റെയും ആർക്കിടെക്ടായ മകളുടെയും മുറികളിൽ അവരവർക്കിഷ്ടപ്പെട്ട നിറങ്ങൾ - പർപ്പിളും പച്ചയും - കൊടുത്തു. രണ്ടു ബെഡ്റൂമുകൾക്കും പുറത്തേക്ക് ബാൽക്കണിയുമുണ്ട്. അതേസമയം മാസ്റ്റർ ബെഡ്റൂമിൽ ബാൽക്കണിക്കു പകരം ബോക്സ് വിൻഡോ കൊടുത്ത് അവിടം ഇരിപ്പിടമാക്കി മാറ്റിയെടുത്തു.

മുകളിലെ രണ്ടു ബാത്റൂമുകൾക്കും ഡ്രസിങ് ഏരിയ, ബാത് ഏരിയ, സെമി ഓപ്പൺ ഏരിയ എന്നിങ്ങനെ മൂന്നു ഭാഗങ്ങളുണ്ട്. ബാത്ടബ്ബിനപ്പുറത്ത് ഫ്രോസ്റ്റഡ് ഗ്ലാസിട്ട ഭിത്തിയാണുള്ളത്. അതിനപ്പുറത്ത് ഉരുളൻ കല്ലുകളിട്ട പകുതി തുറസ്സായ ഭാഗവും. ■